# ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസറുടെ കാര്യാലയം

മിനി സിവിൽ സ്റ്റേഷൻ, മുടവൂർ പി. ഒ, മൂവാറ്റുപുഴ,

പിൻ - 686669

ഫോൺ & ഫാക്സ് : 0485- 2814957 ഇ-മെയിൽ- mvtptdo@gmail.com


നം. ഡി - 1436/16 തീയതി - 02 .06.2016

## അറിയിപ്പ്

2016-17 വർഷം എറണാകുളം ജില്ലയിലെ വിവിധ സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, 2016 ജൂൺ മുതൽ ഒക്ടോബർ വരെയുള്ള 5 മാസങ്ങളിലെ പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ വിതരണത്തിന് തയ്യാറായിട്ടുണ്ട്. ടി ആനുകൂല്യങ്ങൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ വിതരണം ചെയ്യുന്നതാണ്. ഹെഡ്മാസ്റ്റർമാർ താഴെപ്പറയുന്നവയുമായി സൗകര്യപ്രദമായ വിതരണ കേന്ദ്രങ്ങളിൽ ഹാജരായി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൈപ്പറ്റി അർഹരായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

1. ഫോറം - 1 ൽ തയ്യാറാക്കിയ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലിസ്റ്റ്, (പേര്, ജാതി, ക്ലാസ്സ്)
2. സ്കൂളിന്റെ പേരിലുള്ള അക്കൗണ്ടിന്റെ പാസ് ബുക്കിന്റെ ആദ്യത്തെ പേജിന്റെ പകർപ്പ്
3. സ്കൂൾ സീൽ

നടപ്പു അധ്യയന വർഷം രണ്ടാം ഗഡു വിദ്യാഭ്യാസ ആനുകൂല്യം മുതൽ അതാതു സ്കൂളുകളുടെ അക്കൗണ്ടിലേയ്ക്കായിരിക്കും അയയ്ക്കുന്നത്. സ്കൂളിലെ ഏതെങ്കിലും ജീവനക്കാരെ ചുമതലപ്പെടുത്തി അയയ്ക്കുന്ന പക്ഷം ആവശ്യമായ തുകയ്ക്കുള്ള ഹെഡ്മാസ്റ്റർമാർ ഒപ്പിട്ട കൈപ്പറ്റ് രസീത്, ഓതറൈസേഷൻ ലെറ്റർ എന്നിവ കൊടുത്തുവിടേണ്ടതാണ്. വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ വിതരണ കേന്ദ്രങ്ങൾ, തീയതി എന്നിവ ചുവടെ ചേർക്കുന്നു.

| സ്കൂളുകൾ | തീയതി | സമയം | സ്ഥലം |
|---|---|---|---|
| എറണാകുളം ജില്ലയിലെ മറ്റ് സ്കൂളുകൾ | 09.06.2016 | 11 AM to 4 PM | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, മൂവാറ്റുപുഴ |
| | 13.06.2016 | 11 AM to 4 PM | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, പെരുമ്പാവൂർ |
| | 14.06.2016 | 11 AM to 4 PM | എസ്.ആർ.വി. എച്ച്.എസ്.എസ്, എറണാകുളം |
| കോതമംഗലം താലൂക്കിലെ സ്കൂളുകൾ | 14.06.2016 | 11 AM to 4 PM | ടൗൺ യു.പി. എസ്, കോതമംഗലം |

മേൽപ്പറഞ്ഞ ദിവസങ്ങളിൽ തുക കൈപ്പറ്റാൻ സാധിക്കാത്തവർ പെരുമ്പാവൂർ/ഇടമലയാർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ (ബുധനാഴ്ചകളിൽ മാത്രം) നിന്നും തുക കൈപ്പറ്റി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്. ടൗൺ യു.പി. എസ്, കോതമംഗലം, എസ്.ആർ.വി. എച്ച്.എസ്.എസ്, എറണാകുളം, ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ മേൽപ്പറഞ്ഞ തീയതികളിൽ മാത്രമേ സ്റ്റൈപ്പന്റ് വിതരണം ഉണ്ടായിരിക്കുകയുള്ളൂ എന്നും അറിയിക്കുന്നു.

ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ